പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമടാത്ത ചോദ്യം നമ്പർ: 506 30.06.2016-ൽ മറുപടിയ്ക്ക്

# സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവനപദ്ധതി

ചോദ്യം
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ.കെ.മുരളീധരൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | മുൻ ഗവൺമെന്റ് സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കായി സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവനപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) & ബി) | മുൻ ഗവൺമെന്റ് സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കായി സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി ആവിഷ്കരിച്ചിരുന്നു. സമ്പൂർണ ഭവനനിർമ്മാണം എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി വീട്ടു വയ്ക്കുവാൻ സ്വന്തമായി ഭൂമി ലഭ്യമായതും, ഭവനരഹിതരുമായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭവനനിർമ്മാണത്തിനായി കേരള സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽപ്പെടുന്ന ഭവന നിർമ്മാണ പദ്ധതി ആസൂത്രണം ചെയ്തിരുന്നു. ആയതിലേയ്ക്കായി 2014-15 സാമ്പത്തികവർഷാരംഭത്തിൽ തന്നെ ഭവനരഹിതരും, വീട് വയ്ക്കുന്നതിന് സ്ഥല സൗകര്യമുള്ളതുമായ സംസ്ഥാനത്തൊട്ടാകെയുള്ള മുഴുവൻ പട്ടികവർഗ്ഗക്കാരുടെയും വിശദാംശം ശേഖരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 30308 കുടുംബങ്ങൾക്ക് ഭവനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചു. 2014-15-ൽ വിവിധ പദ്ധതികൾ പ്രകാരം 24,315 വീടുകളും 2015-16-ൽ ഐ.എ.വൈ പദ്ധതി പ്രകാരം 9337 വീടുകളും അനുവദിക്കുകയും ചെയ്തു. എന്നാൽ ഇതിൽ 384 വീടുകൾ മാത്രമെ പൂർത്തീകരിക്കാനായിട്ടുള്ളു. ഐ.എ.വൈ പദ്ധതിയിൽ അനുവദിച്ച 18674 വീടുകൾക്കുള്ള സർക്കാർ സഹായം അനുവദിച്ചിട്ടില്ല. |
| സി) | പദ്ധതി നിർമ്മാണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | സി) | പദ്ധതി നിർവ്വഹണത്തിനായി പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി, ഗ്രാമവികസന വകുപ്പിന്റെ ഐ.എ.വൈ പദ്ധതി പ്രകാരവും വീടുകൾ നൽകി വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് അനുവദിച്ചു വന്നിരുന്ന ഗ്രാന്റ് ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് അപര്യാപ്തമാണെന്ന് കണ്ട് ടി തുക 2.5 ലക്ഷം രൂപയിൽ നിന്ന് 3.5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും, വർദ്ധിപ്പിച്ച നിരക്കിൽ തുക അനുവദിച്ച് വരികയും ചെയ്യുന്നു. |
| ഡി) | പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചതെന്ന് വിശദമാക്കുമോ? | ഡി) | 2014-15 സാമ്പത്തികവർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 2907 വീടുകളും, 2015-16 സാമ്പത്തിക വർഷം ഹഡ്കോ ഭവനനിർമ്മാണ പദ്ധതി പ്രകാരം 2000 വീടുകളും, എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി 10071 വീടുകളും ഉൾപ്പെടെ ആകെ 14,978 വീടുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുകയുണ്ടായി. ഇതിൽ 384 വീടുകൾ മാത്രമെ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. കൂടാതെ ഐ.എ.വൈ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം 2015-16 വർഷം 9337 വീടുകളും അനുവദിച്ചിട്ടുണ്ട്. ഐ.എ.വൈ പദ്ധതിയിൽ അനുവദിച്ച ആകെ 18674 വീടുകൾക്കുള്ള സർക്കാർ സഹായം നൽകാത്തതിനെ തുടർന്ന് പണി ആരംഭിച്ചിട്ടുമില്ല. |

സെക്ഷൻ ഓഫീസർ